**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 171** **05-02-2026 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജ് അടക്കമുള്ള ആശുപത്രികളിലെ വാർഡുകളിൽ ഒരു കട്ടിലിൽ ഒന്നിലധികം രോഗികൾ കിടക്കുന്നു എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ദിവസേന ചികിത്സ തേടി എത്തുന്ന രോഗികളുടെ എണ്ണത്തിൽ മുൻ വർഷങ്ങളിലേതിനെ അപേക്ഷിച്ച് ഗണ്യമായ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പുതുതായി ആരംഭിച്ചതും, പ്രൈവറ്റ് ആശുപത്രികളിലേയും പ്രൈവറ്റ് ലാബുകളിലേതും പോലെ വളരെയധികം ചെലവേറിയ നൂതന ചികിത്സാരീതികളും രോഗനിർണ്ണയ ഉപകരണങ്ങളും മറ്റും സ്ഥാപിച്ചതും സമീപ ജില്ലകളിലെയും സമീപ സംസ്ഥാനത്തെയും രോഗികളെയും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് ആകർഷിച്ചിട്ടുണ്ട്. ദിവസേന എണ്ണായിരത്തോളം രോഗികളാണ് ഒ.പി വിഭാഗത്തിൽ ചികിത്സ തേടി എത്തുന്നത്. ആശുപത്രിയിൽ ഐ.പി വിഭാഗത്തിൽ ചികിത്സയിലുള്ള രണ്ടായിരത്തോളം രോഗികൾക്ക് പുറമേയാണ് ഇത്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ചികിത്സാ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പാക്കിയ വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>• 30 കോടിയിലധികം രൂപ ചെലവഴിച്ച്, അത്യാധുനിക സംവിധാനങ്ങളോടെ പുതിയ കാഷ്വാലിറ്റി വിഭാഗം (എമർജൻസി മെഡിസിൻ) സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. തുടർന്ന് ഈ വിഭാഗത്തെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തി അംഗീകാരം ലഭ്യമായി.<br>• സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ക്രിട്ടിക്കൽ കെയർ, |

ജനറ്റിക്സ്, ജെറിയാട്രിക്സ്, ഇന്റർവെൻഷണൽ റേഡിയോളജി, റുമറ്റോളജി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് അധ്യാപക തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനമാരംഭിച്ചു.

- തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി ആശുപത്രിയിൽ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ നൂതന സൗകര്യങ്ങളോടു കൂടിയ ഹൃദയ ശസ്ത്രക്രിയ വിഭാഗം ആരംഭിച്ചു.
- സർക്കാർ മേഖലയിൽ ആദ്യമായി എസ്.എം.എ. ക്ലിനിക് തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ ആരംഭിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിന് മൂന്ന് പിജി സീറ്റുകൾക്ക് അനുമതി ലഭ്യമാക്കി കോഴ്സ് ആരംഭിച്ചു.
- അനസ്തേഷ്യ വിഭാഗത്തിൽ 6 പി.ജി സീറ്റ് വർധിപ്പിച്ച് പതിനെട്ട് സീറ്റ് ആയി ഉയർത്തി എൻഎംസിയുടെ അംഗീകാരം ലഭ്യമാക്കി.
- പീഡിയാട്രിക് നെഫ്രോളജി ഡിഎം കോഴ്സ് ആരംഭിക്കുന്നതിന് രണ്ട് സീറ്റുകൾക്ക് അനുമതി ലഭ്യമാക്കി.
- പൾമണറി മെഡിസിനിൽ ഡിഎം കോഴ്സ് ആരംഭിക്കുന്നതിന് രണ്ട് സീറ്റുകൾക്ക് അനുമതി ലഭ്യമാക്കി.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബി.എസ്.സി എം.ഐ.റ്റി, ബി.എസ്.സി ആർ.റ്റി.റ്റി എന്നീ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിച്ചു.
- മെഡിക്കൽ കോളേജിൽ കിഫ്ബി വഴി മാസ്റ്റർ പ്ലാനിന്റെ ഭാഗമായി 717.29 കോടി രൂപയുടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും എം.എൽ.റ്റി ബ്ലോക്ക് പ്രവർത്തന സജ്ജമാക്കാനും കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയിൽ പാർക്കിംഗിന് ആവശ്യമായ സൗകര്യങ്ങൾ ഉൾപ്പെടെ ആവിഷ്കരിച്ചിട്ടുണ്ട്.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആദ്യമായി 18 കോടി രൂപ ചെലവിൽ കാൻസർ രോഗികൾക്ക് നൂതന റേഡിയേഷൻ നൽകുന്ന ഉപകരണമായ ലിനാക് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.
- കേരളത്തിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പീഡിയാട്രിക്

ഗ്യാസ്ട്രോ വിഭാഗം ആരംഭിച്ചു.

- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 100 ഐസിയു കിടക്കകളുള്ള പ്രത്യേക ബ്ലോക്ക് സ്ഥാപിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 7.3 കോടി ചെലവിൽ സ്പെക്റ്റ് സ്കാൻ സ്ഥാപിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 19 കോടി ചെലവഴിച്ച് പെറ്റ് സ്കാൻ സ്ഥാപിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി.
- മെഡിക്കൽ കോളേജിൽ ആദ്യമായി ഇന്റർവെൻഷണൽ പൾമണോളജി യൂണിറ്റ്, ഇ-ബസ്, ബേൺസ് ഐസിയു എന്നിവ സ്ഥാപിച്ചു.
- രാജ്യത്ത് ആദ്യമായി സർക്കാർ മേഖലയിലെ ആദ്യത്തെ ന്യൂറോ കാത്ത് ലാബ് ഉൾപ്പെട്ട 14.3 കോടിയുടെ സമഗ്ര സ്ട്രോക്ക് സെന്റർ സജ്ജമാക്കി.
- 6.57 കോടി രൂപ ചെലവഴിച്ച് ബേൺസ് യൂണിറ്റിനോടനുബന്ധിച്ച് സ്കിൻ ബാങ്ക് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി.
- എൻ.ഇ.എൽ.എസ് സ്കിൽ ലാബ് സജ്ജമാക്കി.
- സർക്കാർ മെഡിക്കൽ കോളേജിൽ ഇന്റർവെൻഷണൽ ന്യൂറോളജി വിഭാഗത്തിന്റെ കീഴിൽ ആദ്യമായി മെക്കാനിക്കൽ ത്രോമ്പക്ടമി നടപ്പാക്കി.
- എസ്.എ.ടി ആശുപത്രിയിൽ ലിക്വിഡ് ഓക്സിജൻ പ്ലാന്റ് പ്രവർത്തന സജ്ജമാക്കി.
- പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ 82 ലക്ഷം രൂപയുടെ ഹൈ എൻഡ് എക്കോ കാർഡിയോഗ്രാഫി മെഷീൻ സ്ഥാപിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 23 കോടിയുടെ ലേഡീസ് ഹോസ്റ്റൽ പ്രവർത്തനസജ്ജമാക്കി.
- പീഡിയാട്രിക്, നിയോനാറ്റോളജി ഐസിയുകളിൽ ബെഡ്സൈഡ് കൺസൾട്ടേഷനുകളും എക്കോ കാർഡിയോഗ്രാഫിയും ലഭ്യമാക്കി.
- പീഡിയാട്രിക് കാർഡിയാക് സർജറി തിയേറ്ററും 14 കിടക്കകളുള്ള പോസ്റ്റ്-ഓപ്പറേഷൻ ഐസിയുവും സ്ഥാപിച്ചു.
- പീഡിയാട്രിക്ക് നെഫ്രോളജി വിഭാഗത്തിൽ 12 കിടക്കകളുള്ള പുതിയ ഹീമോഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു.

- നിയോനാറ്റോളജി വിഭാഗത്തിൽ അമ്മ-നവജാത ശിശു സംരക്ഷണ യൂണിറ്റും സമഗ്ര മുലയൂട്ടൽ മാനേജ്മെന്റ് കേന്ദ്രവും (മുലപ്പാൽ ബാങ്ക്) ആരംഭിച്ചു.
- പീഡിയാട്രിക്സ് വിഭാഗത്തിൽ 24 കിടക്കകളുള്ള സെമി ഐസിയു, 8 കിടക്കകളുള്ള എച്ച്ഡിയു എന്നിവ സജ്ജമാക്കി.
- എസ്എടി ആശുപത്രിയിൽ മികച്ച സൗകര്യങ്ങൾ ഒരുക്കിയതിന്റെ ഭാഗമായി മാതൃശിശു പരിചരണ സംവിധാനങ്ങൾക്ക് ദേശീയ ലക്ഷ്യ ഗുണനിലവാര അംഗീകാരം ലഭിച്ചു.
- 1.72 കോടി രൂപ ചെലവഴിച്ച് എൻഡോക്രൈനോളജി വാർഡ് സ്ഥാപിച്ചു.
- കിഫ്ബി ഫണ്ട് ഉപയോഗിച്ച് 21.35 കോടി രൂപ ചെലവഴിച്ച് എം.എൽ.റ്റി ബ്ലോക്ക് സ്ഥാപിച്ചു.
- 14 കോടി രൂപ ചെലവഴിച്ച് (കിഫ്ബി ഫണ്ട്) പുതിയ എം.ആർ.ഐ മെഷീൻ സ്ഥാപിച്ചു.
- 18 കോടി രൂപ ചെലവഴിച്ച് (കിഫ്ബി) പുതിയ സി.ടി സ്കാനർ (256 സ്ലൈസ്) സ്ഥാപിച്ചു.
- 3 കോടി രൂപ ചെലവഴിച്ച് (കിഫ്ബി) ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം സ്ഥാപിച്ചു.
- 1.30 കോടി രൂപ (കിഫ്ബി) ചെലവഴിച്ച് അൾട്രാ സൗണ്ട് സിസ്റ്റം സ്ഥാപിച്ചു.
- മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന മേൽപ്പാലത്തിന്റെയും ഇന്റേണൽ റോഡുകളുടേയും നിർമ്മാണം പൂർത്തിയാക്കി.
- കെ.എച്ച്.ആർ.ഡബ്ല്യു.എസ് ഫണ്ട് ഉപയോഗപ്പെടുത്തി 8.5 കോടി രൂപ ചെലവഴിച്ച് പുതിയ കാത്ത് ലാബ് സ്ഥാപിച്ചു.
- 81.50 കോടി രൂപ ചെലവഴിച്ച് പുതിയ ഒ.റ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.
- യൂറോളജി, നെഫ്രോളജി വിഭാഗങ്ങളിലെ രോഗികളുടെ രോഗ നിർണ്ണയം നടത്തുന്നതിന് സഹായകരമായ യൂറോ ഡയനാമിക് സെന്റർ 1.5 കോടി രൂപ ചെലവഴിച്ച് എസ്.എ.റ്റി ആശുപത്രിയിൽ സ്ഥാപിച്ചു.

കിടത്തി ചികിത്സിക്കേണ്ടതായി വരുന്ന രോഗികളെ അഡ്മിറ്റാക്കാറുണ്ട്. രോഗികൾക്ക് ചികിത്സ നൽകുക എന്ന ലക്ഷ്യത്തോടെയും ഒരു രോഗിക്കും ചികിത്സ നിഷേധിക്കപ്പെടാതിരിക്കുന്നതിനുമാണ് ലഭ്യമായ

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ചികിത്സ നൽകുന്നത്.<br><br>തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഞ്ചോളം വാർഡുകൾ നിലനിന്നിരുന്ന ഒരു കെട്ടിടം അപകടാവസ്ഥയിലായതിനാൽ പൊളിച്ചു മാറ്റി ആറ് നിലകളിലായി പുതിയ സർജ്ജിക്കൽ ബ്ലോക്ക് പണിയുകയാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത കെട്ടിടത്തിൽ കിടത്തി ചികിത്സ നൽകിയിരുന്ന രോഗികളെ താൽക്കാലിക സംവിധാനങ്ങൾ ഒരുക്കി മാറ്റിയിരുന്നുവെങ്കിലും ചികിത്സ തേടി എത്തുന്ന രോഗികളുടെ എണ്ണത്തിൽ ഉണ്ടായ ഗണ്യമായ വർദ്ധനവ് ഈ രോഗികളെ ടി നിലവിലുള്ള വാർഡുകളിലേയ്ക്ക് കൂടി ഉൾക്കൊള്ളിക്കേണ്ടതായി വന്നിട്ടുണ്ട്. ചികിത്സ കഴിഞ്ഞ് രോഗം ഭേദമായ ചിലരെ തിരിച്ച് കൊണ്ടുപോകാൻ തയ്യാറാകാത്തതും ബെഡ് ഓക്ക്പെൻസി വർദ്ധിപ്പിക്കാൻ ഇടവന്നിട്ടുണ്ട്.<br><br>നിലവിൽ ദ്രുതഗതിയിൽ പണികൾ പുരോഗമിക്കുന്ന സർജ്ജിക്കൽ ബ്ലോക്കിന്റെയും പുതുതായി പണികഴിപ്പിക്കുന്ന ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെയും നിർമ്മാണം ആരംഭിക്കേണ്ട ഐസൊലേഷൻ ബ്ലോക്കിന്റെയും പൂർത്തീകരണത്തോടെ നിലവിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ സാധിക്കുന്നതായിരിക്കും. |
| (ബി) | പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (ബി) | കിടക്കകളുടെ അഭാവം പരിഹരിക്കുന്നതിനായി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ താൽക്കാലികമായി 2 വാർഡുകൾ നിർമ്മിക്കുകയും, നിലവിലുണ്ടായിരുന്ന വാർഡുകളിൽ അധികമായി കിടക്കകൾ സജ്ജമാക്കിയും പ്രതിസന്ധി ഒരു പരിധി വരെ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പുതുതായി ആറ് നിലകളിലായി നിർമ്മാണം പുരോഗമിക്കുന്ന സർജ്ജിക്കൽ ബ്ലോക്ക്, ബഹു നില കെട്ടിടമായ ക്രിട്ടിക്കൽ കെയർ ബ്ലോക്ക് എന്നിവ പൂർത്തിയാകുന്നതോടെ കെട്ടിടങ്ങളിലെ സ്ഥലപരിമിതി പരിഹരിക്കപ്പെടും. |
| (സി) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നഴ്സിംഗ് അടക്കമുള്ള സ്റ്റാഫുകളുടെ കുറവ് രോഗികൾക്ക് പ്രതിസന്ധി സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളിലേയ്ക്ക് ചികിത്സയ്ക്കും അക്കാദമിക് ആവശ്യങ്ങൾക്കുമായി 2016 മുതൽ നാളിതുവരെ 4925 തസ്തികകൾ അധ്യാപക അനധ്യാപക വിഭാഗങ്ങളിലായി സൃഷ്ടിച്ചിട്ടുണ്ട്.<br><br>ആരോഗ്യ വകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിലെ നഴ്സിങ് വിഭാഗം അടക്കമുള്ള |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെ സേവനം മെച്ചപ്പെടുത്തുന്നതിനായി ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ അംഗീകൃത തസ്തികകൾക്ക് പുറമെ വകുപ്പിൽ 2016 മുതൽ നാളിതുവരെ നഴ്സിങ് തസ്തികകൾ ഉൾപ്പെടെ 4532 തസ്തികകൾ പുതുതായി സൃഷ്ടിച്ചിരുന്നു.<br><br>ആശുപത്രികളിൽ രോഗികൾക്ക് ചികിത്സ നൽകുന്നതിലേയ്ക്കായി ആശുപത്രി വികസന സമിതി / കമ്മിറ്റി, NHM, LSGI, KASP മുഖേന നഴ്സിങ് വിഭാഗം ഉൾപ്പെടെയുള്ള ജീവനക്കാരെ ആവശ്യാനുസരണം താത്കാലികമായി നിയമിക്കുകയും ചെയ്യുന്നുണ്ട്.<br><br>ആരോഗ്യ സംവിധാനത്തിന്റെ കാര്യക്ഷമതയും ജനങ്ങൾക്കുള്ള സേവനങ്ങളുടെ ഗുണമേന്മയും ഉയർത്തുന്നതിന് ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി യിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ